മേലെഴുത്ത് നം . DTETVM/5571/2024-EA5 (EA) തീയതി: 28-06-2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളുടെയും, ജീവനക്കാരുടെയും അറിവിലേക്കായി ഇതോടൊന്നിച്ച് നല്കുന്നു.

**A Mansoor**

**ADMINISTRATIVE ASSISTANT**

**കേരള സർക്കാർ**
**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

നം.ഉപ.സി.2/226/2020/ഉഭപവ                                   തിരുവനന്തപുരം, തീയതി : 24-06-2024

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സർവീസ് സംബന്ധമായ വിഷയങ്ങളിൽ പരിഹാരത്തിനായി സർക്കാർ ജീവനക്കാർ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

നിയമനം /സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ സർക്കാർ ഉൾപ്പെടെയുള്ള അധികാരസ്ഥാനങ്ങൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ പരാതിയുള്ളവർക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കാവുന്നതാണ് എന്ന് 1985- ലെ THE ADMINISTRATIVE TRIBUNALS ACT, വകുപ്പ് 19 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ വകുപ്പ് 20 ചുവടെ ചേർക്കും പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

***20. Applications not to be admitted unless other remedies exhausted*** *:-(1) A Tribunal` shall not ordinarily admit an application unless it is satisfied that the applicant had availed of all the remedies available to him under the relevant service rules as to redressal of grievances.*

*(2) For the purposes of sub-section(1), a person shall be deemed to have availed of all the remedies available to him under the relevant service rules as to redressal of grievances,-*

*(a) If a final order has been made by the Government or other authority or officer or other person competent to pass such order under such rules, rejecting any appeal preferred or representation made by such person in connection with the grievance; or*

*(b) where no final order has been made by the Government or other authority or officer or other person competent to pass such order with regard to the appeal preferred or representation made by such person, if a period of six months from the date on which such appeal was preferred or representation was made had expired.*

ആയത് പ്രകാരം സർക്കാർ/ ക്ഷമതയുള്ള ഒരു അധികാര സ്ഥാനം മുൻപാകെ സമർപ്പിക്കപ്പെടുന്ന അപ്പീൽ/ നിവേദനത്തിന്മേൽ അവ സമർപ്പിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുന്ന സാഹചര്യത്തിൽ മാത്രമേ സങ്കടക്കാരായ വ്യക്തികൾക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ പരാതി സമർപ്പിക്കുന്നതിന് വ്യവസ്ഥയുള്ളൂ.

മേൽ സാഹചര്യത്തിൽ, സർക്കാർ ജീവനക്കാർ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ഭരണപരമായ പരിഹാരമാർഗ്ഗങ്ങൾ വിനിയോഗിച്ച ശേഷം മാത്രമേ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുന്നു.

പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ/ വകുപ്പ് തലവൻമാർ ഉറപ്പാക്കേണ്ടതാണ്.

**പുനീത് കുമാർ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ